ശ്രീ. ജി. കാർത്തികേയൻ: ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ആ പ്രദേശത്തെ എം. എൽ. എ. ശ്രീ. ജോർജ് മസ്ക്രീൻ ഒരു സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ആ സബ്മിഷനുള്ള മറുപടിയും ബഹുമാനപ്പെട്ട നാണു മാസ്റ്ററുടെ ചോദ്യത്തിനുള്ള മറുപടിയും ഒരുമിച്ച് പറഞ്ഞാൽ പോരേ?

മി. സ്പീക്കർ: അങ്ങനെ പറഞ്ഞാൽ മതി.

ഡീസൽ വൈദ്യുതി നിലയങ്ങളുടെ നിർമ്മാണ കരാർ

*2 (55) ശ്രീ. ടി. കെ. ഹംസ:
,, ഒ. ഭരതൻ:
,, പി. രാജു:
,, എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഡീസൽ വൈദ്യുത നിലയങ്ങളുടെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വൈദ്യുത നിലയങ്ങൾവഴി എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) ബ്രഹ്മപുരം ഡീസൽ പ്ലാന്റ് എന്ന് കമ്മീഷൻ ചെയ്യാനാണ് നിശ്ചയിച്ചിരുന്നത് ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് എത്രയായിരുന്നുവെന്നും പണി പൂർത്തിയാകുമ്പോൾ എന്ത് ചെലവ് വരും എന്നും വെളിപ്പെടുത്തുമോ;

(ഇ) ഇതിന് ഏതെങ്കിലും സ്ഥാപനത്തിൽനിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെനിന്നും എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ഡീസൽ പ്ലാന്റ് സ്ഥാപിക്കുമ്പോൾ ഉണ്ടാക്കിയ ധാരണാപത്രത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ജി) ബ്രഹ്മപുരം പദ്ധതിയിൽനിന്നും ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്ത് ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ബ്രഹ്മപുരം വൈദ്യുത പദ്ധതിയുടെ കരാറിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഐ) ബ്രഹ്മപുരം ഡീസൽ പദ്ധതിക്കുവേണ്ടി ജനറേറ്റർ വാങ്ങുന്നതിന് ആർക്കാണ് കരാർ നൽകിയത്;

(ജെ) ബ്രഹ്മപുരം പദ്ധതിക്കുവേണ്ടിയുള്ള ജനറേറ്റർ സെറ്റുകൾ കർണ്ണാടകയിലെ "യലഹങ്ക" പദ്ധതിയുടെ അതേ വിലയ്ക്കും വ്യവസ്ഥകൾക്കും വിധേയമായാണോ വാങ്ങുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(കെ) അല്ലെങ്കിൽ എന്ത് വിലയ്ക്കാണ് ബ്രഹ്മപുരം പദ്ധതിക്ക് വേണ്ടി ജനറേറേറുകളും വാങ്ങിയത്; "യലഹങ്ക" കരാർ പ്രകാരം കർണ്ണാടക വൈദ്യുതി ബോർഡ് എത്ര ജനറേറേറുകളും വാങ്ങിച്ചു എന്നും അവ എന്ത് വിലയ്ക്കാണ് വാങ്ങിയതെന്നും അന്വേഷിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എൽ) ബ്രഹ്മപുരം ഡീസൽ പദ്ധതിക്ക് ആഗോള ടെൻഡർ വിളിച്ചിരുന്നോ;

(എം) ബ്രഹ്മപുരം വൈദ്യുത പദ്ധതി എന്ന് പൂർണ്ണമായി കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) 1. ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ പവർ ഹൗസ് കെട്ടിടം പണി പൂർത്തിയായി വരുന്നു. വിദേശത്തു നിന്നുള്ള ഡീസൽ ജനറേറേറുകളും അനുബന്ധ ഉപകരണങ്ങളും എത്തിക്കഴിഞ്ഞു. ആക്സിലിയറി ബിൽഡിംഗ് സിവിൽ മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും സമയ ബന്ധിതമായി നടന്നുകൊണ്ടിരിക്കുന്നു. യന്ത്രങ്ങളുടെ ഇൻസ്റ്റലേഷൻ, ഇറക്ഷൻ, ടെസ്റ്റിംഗ്, കമ്മീഷനിംഗ് തുടങ്ങിയ പ്രവർത്തനങ്ങളും ത്വരിതഗതിയിൽ നടന്നുവരുന്നു.

2. കോഴിക്കോട് നിലയത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ സർക്കാർ അനുമതിയായി. പ്ലാനിംഗ് കമ്മീഷന്റേതുൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ അനുമതിയും ലഭ്യമായിക്കഴിഞ്ഞു. സാമ്പത്തിക സ്വരൂപണം ഉൾപ്പെടെ ഈ പദ്ധതിക്കായി ലഭിച്ച ടെൻഡറുകളിൻമേൽ കെ. എസ്. ഇ. ബി. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

3. കാസർകോട് 60 മെഗാവാട്ട് ഡീസൽ പദ്ധതിയുടെ പ്രവർത്തനം ആർ. പി. ജി. ഗ്രൂപ്പിൽപ്പെട്ട കാസർകോട് പവർ കോർപ്പറേഷനു വിട്ടുകൊടുത്തിരിക്കുകയാണ്. ഈ കമ്പനിയുമായി വൈദ്യുതി വാങ്ങൽ കരാറിൽ ഒപ്പിട്ടുകഴിഞ്ഞു.

4. പാലക്കാട് ഒരു 100 മെഗാവാട്ട് (എൽ. എസ്. എച്ച്. എസ്.) സ്റ്റേഷൻ സ്ഥാപിക്കുവാൻ ഡബ്ല്യു. ഐ. എസ്. ഇ. എന്ന സ്ഥാപനത്തിനു അനുവാദം നൽകിയിട്ടുണ്ട്. ഈ കമ്പനിയുമായുള്ള പവർ പർച്ചേസ് എഗ്രിമെന്റും ഒപ്പുവച്ചുകഴിഞ്ഞു.

5. എടരിക്കോട് സബ് സ്റ്റേഷൻ പരിസരത്ത് 5 മെഗാവാട്ടിന്റെ ഒരു ഡീസൽ നിലയം ടേൺ കീ അടിസ്ഥാനത്തിൽ ചെയ്തു കെ. എസ്. ഇ. ബി.ക്കു കൈമാറാൻ 'കെൽ'-നെ എൽപ്പിച്ചിട്ടുണ്ട്. ഇതിന്റെ പണികളും ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

(ബി) ബ്രഹ്മപുരം 535 മി. യൂണിറ്റ് (പ്രതിവർഷം), കോഴിക്കോട് 642 മി. യൂണിറ്റ് (പ്രതിവർഷം), കാസർകോട് 360 മി. യൂണിറ്റ് (പ്രതിവർഷം), ഡബ്ല്യു.ഐ.എസ്. ഇ. പാലക്കാട് 600 മി. യൂണിറ്റ് (പ്രതിവർഷം), എടരിക്കോട് 30 മീ. യൂണിറ്റ് (പ്രതിവർഷം).

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദ്യത്തെ ജനറേറർ 1996 ഫെബ്രുവരിയിലും അവസാനത്തേത് 1996 ജൂലായ് മാസത്തിലുമാണ് കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്.

(ഡി) ഒറിജിനൽ എസ്റ്റിമേറ് 281 കോടി രൂപയാണ്. പണി പൂർത്തിയായശേഷമേ മൊത്തം ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്. ഫ്രാൻസിലെ 'ക്രെഡിറ്റ് ലിയോണയിസ്' എന്ന സ്ഥാപനത്തിൽനിന്നും വായ്പാസഹായം ലഭ്യമായിട്ടുണ്ട്.

(എഫ്) ധാരണാപത്രം അടിസ്ഥാനമാക്കിക്കൊണ്ടുതന്നെ ചർച്ചകളുടെ വെളിച്ചത്തിൽ മൊത്തം വിലയിൽ മാറ്റം വരുത്താതെ ഇൻഡിവിഡുവൽ ഐറ്റങ്ങളുടെ വിലയിൽ ചെറിയ മാറ്റം വരുത്തിയിട്ടുണ്ട്. നിബന്ധനകളിലും ഒന്ന് രണ്ട് ചെറിയ മാറ്റങ്ങളും വരുത്തിയിട്ടുണ്ട്.

(ജി) ഉണ്ട്. 1991-ലെ എസ്റ്റിമേറ് പ്രകാരം യൂണിറ്റൊന്നിന് 221 പൈസ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) ഡീസൽ സെറ്റ് വാങ്ങുന്നതിന് ഫ്രാൻസിലെ 'സെമൻറ പിൽസ്റ്റിക്' എന്ന കമ്പനിക്കാണ് കരാർ നൽകിയത്.

(ജെ) ജനറേറ്ററുകളുടെ വിലയെ സംബന്ധിച്ചിടത്തോളം 'യലഹങ്ക' കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രൈസ് എസ്കലേഷൻ അഡ്ജസ്റ്റ് ചെയ്ത നിരക്കിലാണ് ബ്രഹ്മപുരത്തുള്ള ജനറേറ്ററുകൾക്ക് ഓർഡർ കൊടുത്തിട്ടുള്ളത്.

(കെ) 20 മെഗാവാട്ടിന്റെ 5 ജനറേറ്ററുകൾ ഇറക്കുമതി ചെയ്യാൻ മൊത്തം 304.435 മില്യൻ ഫ്രഞ്ച് ഫ്രാങ്കിനാണ് പ്രൈസ് എസ്കലേഷൻ ഉൾപ്പെടെ ബ്രഹ്മപുരം പദ്ധതിക്ക് ഓർഡർ നൽകിയത്. കർണ്ണാടകയിലെ യലഹങ്കയ്ക്ക് 20 മെഗാവാട്ട് ശേഷിയുള്ള 6 ജനറേറ്ററുകൾക്ക് 309.57 മില്യൻ ഫ്രഞ്ച് ഫ്രാങ്കിനാണ് ഓർഡർ നൽകിയിരുന്നത്.

(എൽ) ഇല്ല.

(എം) ഈ വർഷംതന്നെ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ കഴിയും.

ശ്രീ. ടി. കെ. ഹംസ: സർ, ഞാൻ ചോദിക്കുന്നത് ചോദ്യം 'എ' യുടെ ഉത്തരത്തിന് നൽകിയ രണ്ടാമത്തെ പിരിവിനെ സംബന്ധിച്ചാണ്. കോഴിക്കോട് താപനിലയം നല്ലളം എന്ന സ്ഥലത്ത് സ്ഥാപിക്കുവാൻ സർവ്വേ റിപ്പോർട്ട് കിട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ പത്രത്തിൽ നോട്ടിഫിക്കേഷൻ കൊടുക്കുകയും ചെയ്തതാണ്. ഇത് പിന്നെ തലക്കുളം എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കാൻ എന്തടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്? അതിന് എന്തെങ്കിലും സർവ്വേ റിപ്പോർട്ട് ഉണ്ടോ? തലക്കുളത്ത് സ്ഥാപിക്കാൻ പറ്റുമെന്നുള്ള ഫീസിബിലിറ്റി റിപ്പോർട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചശേഷമാണ് എവിടെയാണ് ഡീസൽ സ്റ്റേഷൻ വരേണ്ടത് എന്നുള്ള തീരുമാനമെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: അത് നമ്മുടെ ലീഡർ പറയുന്ന മറുപടി പോലെയായിപ്പോയി. കടലാസ് നോക്കിയുള്ള മറുപടിയല്ല മന്ത്രി പറഞ്ഞത്. ശ്രീ. കെ. കരുണാകരൻ പറയുന്നതുപോലെ എവിടേയും തൊടാതെയുള്ള ഉത്തരം പറഞ്ഞിട്ട് എന്ത് കാര്യമാണ്? എന്റെ ചോദ്യം തലക്കുളത്ത് സ്ഥാപിക്കാൻ ഫീസിബിലിറ്റി റിപ്പോർട്ടുണ്ടോ? ഇല്ലെങ്കിൽ ഇല്ലെന്നു പറയണം.

ശ്രീ. ജി. കാർത്തികേയൻ: അത്തരം വിശദാംശം ഇപ്പോഴെന്റെ കയ്യിലില്ല, പക്ഷേ ഗവൺമെന്റിന്റെ കയ്യിൽ ഇല്ല എന്നല്ല ഞാൻ പറഞ്ഞത്.

ശ്രീ. ടി. കെ. ഹംസ: അത് തറക്കല്ലിട്ടിട്ട് രണ്ട് കൊല്ലമായി. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി തറക്കല്ലിട്ടതാണ്. ഇന്നുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. കോഴിക്കോട് നിലയത്തിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ സർക്കാർ അനുമതിയായി എന്നാണ് നിങ്ങളുടെ മറുപടി. സ്ഥലം അനുമതി ഇപ്പോഴേ ആയിട്ടുള്ളൂ. രണ്ടുകൊല്ലം മുമ്പ് തറക്കല്ലിട്ടു. ഇത് ഏത് കൊല്ലത്ത് വരും എന്ന് വ്യക്തമാക്കാമോ? അത് മാത്രമല്ല കെ. എസ്. ഇ. ബി. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല എന്ന് നിങ്ങൾ മറുപടിയിൽ പറയുന്നു. പിന്നെ രണ്ട് കൊല്ലം മുമ്പ് തറക്കല്ലിട്ടത് ഏത് കാലത്ത് വരുമെന്ന് ബഹുമാനപ്പെട്ടമന്ത്രി വ്യക്തമാക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ഞാൻ സത്യസന്ധമായി പറഞ്ഞതാണ്. കെ. എസ്. ഇ. ബി. അന്തിമ തീരുമാനമെടുത്തിട്ടില്ല എന്ന് പറയാൻ കാരണം ഇതിന്റെ ടെൻഡർ ആർക്ക് കൊടുക്കണമെന്ന് തീരുമാനിച്ചില്ല എന്നാണ് ഞാൻ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. അതിന്റെ ടെൻഡർ ഫിക്സ് ചെയ്യാതെ എനിക്ക് പറയാൻ കഴിയുകയില്ല.

ശ്രീ. ഒ. ഭരതൻ: 120 മെഗാവാട്ട് ഉൽപ്പാദനശേഷിയും 630 ശേലക്ഷം യൂണിറ്റ് ഉൽപ്പാദനശേഷിയുമുള്ള ഒരു ഡിസൽ സ്റ്റേഷൻ വടകര സ്ഥാപിക്കുന്നതിനുവേണ്ടി ആദ്യം തീരുമാനിച്ചു. അവിടെ പുകയ്ക്കെതിരായ സമരമൊക്കെ ഉണ്ടായതിന്റെ ഫലമായിട്ടാണ് അത് കോഴിക്കോട്ടെ തലക്കുളത്തേക്ക് മാറിയത്. ആദ്യം അതിന് ടെൻഡർ വിളിക്കുമ്പോൾ ബി. എച്ച്. ഇ. എൽ. 300 കോടി രൂപയുടെയും ഒരു അമേരിക്കൻ സ്ഥാപനം 340 കോടി രൂപയുടെയും ടെൻഡർ വച്ചിരുന്നു. അതിൽ കുറഞ്ഞ ടെൻഡർ തുകയുള്ള ബി. എച്ച്. ഇ. എൽ.നെ ഒഴിവാക്കി അമേരിക്കൻ കമ്പനിയുടെ ടെൻഡർ സ്വീകരിക്കുന്നതിനുവേണ്ടി ഗവൺമെന്റിനെ പ്രേരിപ്പിച്ച വികാരം എന്താണ്?

ശ്രീ. ജി. കാർത്തികേയൻ: ഒന്നാമത്തെ കാര്യം ഇതിൽ ആരെയും ഒഴിവാക്കിയിട്ടുമില്ല, ആർക്കും കൊടുക്കുവാനും തീരുമാനമെടുത്തിട്ടുമില്ല. ഏത് ടെൻഡറാണ് ഏറ്റവും ലോവസ്റ്റ് എന്നത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതല്ലാതെ ബി. എച്ച്. ഇ. എൽ.നെ ഒഴിവാക്കിയിട്ടില്ല. ബി. എച്ച്. ഇ. എൽ. അവരുടെ ടെൻഡറിൽ പറഞ്ഞിരിക്കുന്നത് അവരുടെ മെഷിനറി ഇറക്കുമതിയുമായി ബന്ധപ്പെട്ട് ഇറാലിയിലെ ഒരു സഹകാര്യ കമ്പനിയുമായി കെ. എസ്. ഇ. ബി. കരാർ ഒപ്പുവയ്ക്കണം. ഫിനാൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മദ്രാസിലെ ഒരു കമ്പനിയുമായി ഒപ്പുവയ്ക്കണമെന്നും മറ്റും ചില വ്യവസ്ഥകൾ പറഞ്ഞിട്ടുണ്ട്. ബി. എച്ച്. ഇ. എൽ.ൽ നേരിട്ട് എല്ലാ കാര്യങ്ങളും കെ. എസ്. ഇ. ബി.

LIBRARY ARCHIVES Kerala Legislative Assembly

യുമായി കരാറിൽ ഒപ്പ് വയ്ക്കാമെന്ന് പറഞ്ഞിട്ടില്ലായിരുന്നു. അതാണ് ഒരു കാര്യം. മറെറാന്ന്, അമേരിക്കൻ കമ്പനിക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

ശ്രീ. ഒ. ഭരതൻ: സാർവ്വദേശീയ പ്രശസ്തി ആർജ്ജിച്ചിട്ടുള്ള, നമ്മുടെ രാജ്യത്തിന്റെ അഭിമാനം ഉയർത്തി പിടിക്കുന്ന ഏറെറവും പ്രമുഖമായിട്ടുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് ബി. എച്ച്. ഇ. എൽ. ഒരു പൊതുമേഖലാ സ്ഥാപനമെന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തെ ആരാധനാലയങ്ങൾപോലെ കണക്കാക്കണമെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്. ആ രീതിയിലുള്ള ഒരു സ്ഥാപനമാണ് ബി.എച്ച്. ഇ.എൽ. ബി. എച്ച്. ഇ. എൽ.-നെ കരുതിക്കൂട്ടി ഒഴിവാക്കിയ എന്തോ ഒരു ലാഭേച്ഛ മനസ്സിൽ കണ്ടുകൊണ്ടാണ് അമേരിക്കൻ കമ്പനിക്ക് കൊടുക്കാൻ പോകുന്നത്. അതിനെപ്പററി ഗവൺമെൻറിന്റെ നിലപാട് എന്താണെന്നുള്ളത് അറിയണം, രണ്ട് കമ്പനിയേയും ഒരുപോലെ കണക്കാക്കിയാൽ പോരാ. എന്താണ് നമ്മുടെ ആ പൊതുമേഖലയെ സംബന്ധിച്ച് ഗവൺമെൻറിന്റെ കൺസപ്ഷൻ എന്നുള്ളത് വ്യക്തമാക്കണം.

ശ്രീ. ജി. കാർത്തികേയൻ: ബി. എച്ച്. ഇ. എൽ.-നെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയംകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

ശ്രീ. ഒ. ഭരതൻ: 'യലഹങ്ക' കരാറിൽ ആറ് ജനറേറർ സെറുകൾ കൊണ്ടുവന്ന് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ 3.2 കോടി രൂപയ്ക്കാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്. എന്നാൽ ബ്രഹ്മപുരം പദ്ധതിക്ക് അഞ്ച് ജനറേറർ സെറുകൾ സ്ഥാപിക്കാൻ 4.8 കോടി രൂപയ്ക്ക് കരാർ ഉറപ്പിച്ചു. ഒരു ജനറേറർ കുറഞ്ഞപ്പോൾ ഒന്നര കോടി രൂപ കൂടി. ഈ കണക്ക് നമ്മുടെ ഇലക്ട്രിസിറി ബോർഡിന്റെ പ്രത്യേകതയാണ്. ഈ അധിക പണം കൊടുക്കാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചത് എന്താണ്?

ശ്രീ. ജി. കാർത്തികേയൻ: ഇതുമായി ബന്ധപ്പെട്ട് സെഷൻസ് കോർട്ടിൽ ഒരു കേസ്സുണ്ട്. അതുകൊണ്ട് ഇതിന്റെ വളരെ ഡീറെറയിൽസിലേക്ക് പോകാൻ കഴിയുകയില്ല. അതാണ് വിഷയം. 20 മെഗാവാട്ടിന്റെ 6 ജനറേററുകളാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ യലഹങ്കയ്ക്കുള്ളത്. നമുക്ക് 20 മെഗാവാട്ടിന്റെ 5 എണ്ണവും. കോമൺ സർവ്വീസ് എക്യുപ്മെൻറിന്റെ റേറ് അഞ്ച് എണ്ണമാണെങ്കിലും ആറെണ്ണമാണെങ്കിലും തുല്യമാണ്. അതുവച്ച് നോക്കുമ്പോൾ മെഷിനറി നമ്മൾ വാങ്ങിയതിനകത്ത് വില വ്യത്യാസം വരുന്നില്ല. ഒരേ വിലയാണ്. വ്യത്യാസം അതാണ്. സെഷൻസ് കോർട്ടിൽ കേസ്സുള്ളതുകൊണ്ട് ഇതിന്റെ വളരെ ഡീറെറയിൽസിലേക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഒ. ഭരതൻ: എന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല.

മി. സ്പീക്കർ: അങ്ങയുടെ ചോദ്യം നിഷേധിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞു. കോടതിയിൽ ഇരിക്കുന്ന കാര്യമായതുകൊണ്ട് ചില പരിമിതികളുണ്ടെന്ന്. ബഹുമാനപ്പെട്ട മന്ത്രി എങ്ങനെ ഉത്തരം പറയണമെന്ന് എനിക്ക് പറയാൻ പററുകയില്ലല്ലോ? ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പറഞ്ഞു.

ശ്രീ. ഒ. ഭരതൻ: ബഹുമാനപ്പെട്ട മന്ത്രിയെ സഹായിക്കാൻവേണ്ടി അങ്ങ് ഈ നിലപാട് സ്വീകരിക്കാൻ പാടില്ല. അത് മോശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഞാൻ ആരേയും സഹായിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞോട്ടെ. പക്ഷേ ബഹുമാനപ്പെട്ടമന്ത്രി എങ്ങനെ ഉത്തരം പറയണമെന്നുള്ളത് എനിക്ക് പറയാൻ ഒക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് കൂടുതലായിട്ട് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: ഇല്ല.....(ബഹളം).....

മി. സ്പീക്കർ: ചെയറിന്റെ ബഹുമാനം സഭയുടെ ബഹുമാനമാണ്. ചെയറിന് ഒരു പ്രത്യേക ആളിനെ സഹായിക്കേണ്ടതായോ ഒരു പ്രത്യേക ആളിനെ പ്രൊട്ടക്ട് ചെയ്യേണ്ടതായോ ഉള്ള ആവശ്യമില്ല. എല്ലാവരുടേയും താൽപ്പര്യങ്ങൾ പ്രൊട്ടക്ട് ചെയ്യണം. അങ്ങേക്ക് രണ്ട് ചോദ്യത്തിന് അവസരം തന്നു. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. ഇന്നയിന്ന രീതിയിൽ മന്ത്രി മറുപടി പറയണമെന്ന് ചെയറിന് നിർബന്ധിക്കാൻ സാധിക്കുകയില്ല. പരിമിതികളുള്ളതുകൊണ്ട് ഇത്രയേ പറയാൻ പറ്റുകയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് അദ്ദേഹത്തെ കമ്പൽ ചെയ്യാൻ പറ്റുകയില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ചെയറിനെ ഞങ്ങളെല്ലാം കാണുന്നത് വളരെ ബഹുമാനത്തോടു കൂടിയിട്ടാണ്. സീസർ തന്റെ ഭാര്യയെപ്പറ്റി പറഞ്ഞിട്ടുള്ളതുപോലെ സംശയങ്ങൾക്കതീതനായി അങ്ങ് പെരുമാറും എന്നാണ് ഞങ്ങളുടെ ധാരണ. അങ്ങയെപ്പറ്റി അങ്ങനെ ഒരു ധാരണ ജനിപ്പിക്കത്തക്ക തരത്തിലുള്ള ഒരു സ്ഥിതി ഇവിടെ ഉണ്ടായി എന്നാണ് എനിക്ക് ഇത് കേട്ടപ്പോൾ തോന്നിയത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലുംകൂടി പറയാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് അങ്ങ് പറഞ്ഞു. പറയണമെന്നും ഒരു ഹിന്റ് നൽകണ്ടേ? കാരണം അംഗങ്ങൾ വിവരങ്ങൾ ശേഖരിയ്ക്കാനാണല്ലോ ചോദ്യങ്ങൾ ചോദിക്കുന്നത്. അപ്പോൾ അതിനെ സംബന്ധിച്ച് വിവരം ലഭിക്കത്തക്ക തരത്തിൽ പറയണമെന്നുകൂടി നിർബന്ധിക്കാൻ അങ്ങേയ്ക്ക് ബാദ്ധ്യതയുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കിയിരിക്കുകയാണ്.

മി. സ്പീക്കർ: ഒരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വ്യക്തമായിട്ട് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്ന് പ്രതിപക്ഷ നേതാവാകാം, നാളെ മുഖ്യമന്ത്രിയാകാം, ചെയർ ആകാം. ചെയറിന്റെ മാന്യത സംരക്ഷിക്കാനുള്ള ചുമതല മറ്റാരെക്കാളുമധികം പ്രതിപക്ഷ നേതാവിനുണ്ട്. അതിന് വിഭിന്നമായിട്ട് ദുഃസൂചനകൾ സൂചിപ്പിച്ചാൽ ഞാൻ ഒന്നും പറയുന്നില്ല. അത് പ്രതിപക്ഷ നേതാവിന്റെ മനസ്സാക്ഷിക്ക് വിടുന്നു. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയെ നിർബന്ധിക്കാനൊന്നും ഒക്കുകയില്ല. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഞാൻ അദ്ദേഹത്തിന് പറയാനുള്ള സന്ദർഭം കൊടുത്തു. പിന്നെ വ്യാഖ്യാനിച്ച് വ്യാഖ്യാനിച്ച് കൂടുതൽ ദുഃസൂചനയിലേക്ക് പോകുന്നത് എന്നെയല്ല. അത് പറയുന്ന ആളുകൾക്കാണ് റിഫ്ളക്ട് ചെയ്യുകയെന്നുമാത്രം ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അങ്ങയോടുള്ള എല്ലാ ആദരവോടുംകൂടി എനിക്ക് പറയാനുള്ളത്, ഈ ചോദ്യം വന്നു. അത് പറയാവുന്ന രീതിയിൽ പറഞ്ഞു. കോടതിയിലിരിക്കുന്ന കാര്യത്തിന്റെ ഡീറ്റെയിൽസിലേക്ക് കടന്നുപോകുന്നത് ബുദ്ധിമുട്ടായതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറഞ്ഞത്. അത്രയേ ഉള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആ ചോദ്യം അനുവദിച്ചു എന്നതുതന്നെ സ്പീക്കർക്ക് അതിൽ ദുരുദ്ദേശമില്ല എന്നുള്ളതാണ്. സ്പീക്കർക്ക് ഇതിൽ താൽപ്പര്യമുണ്ടായിരുന്നെങ്കിൽ ആ ചോദ്യം അനുവദിക്കുമായിരുന്നില്ല. പക്ഷെ എത്ര പരിധിക്കുള്ളിൽ നിൽക്കാം എന്നുള്ളത് ഇവിടെ പറഞ്ഞു.

ശ്രീ. പി. രാജു: ബ്രഹ്മപുരം പദ്ധതിക്കു വേണ്ടിയുള്ള ജനറേറർ സെറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിയമസഭയിൽ മുൻവൈദ്യുതി മന്ത്രി പറഞ്ഞത് കർണ്ണാടകയിലെ 'യലഹങ്ക' പദ്ധതിയുടെ അതേ കരാർ തന്നെയാണ് ഇവിടേയും നടപ്പിലാക്കുന്നതെന്ന്. അതേ കരാർ തന്നെയാണോ ഇപ്പോൾ ബ്രഹ്മപുരത്ത് നടപ്പിലാക്കിയിട്ടുള്ളത്? ഞാൻ മനസിലാക്കിയിട്ടുള്ളത് കർണ്ണാടകയിലെ 'യലഹങ്ക' പദ്ധതിയിൽ പ്രൈസ് എസ്ക്കലേഷൻ ഇല്ലെന്നാണ്. എന്നാൽ ബ്രഹ്മപുരത്ത് പ്രതിമാസം 0.4 ശതമാനം പ്രൈസ് എസ്ക്കലേഷൻ ഉണ്ടെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. അതുവച്ച് കണക്കാക്കിയാൽ മുപ്പത്തിനാലര കോടി രൂപയുടെ അധികരിച്ച ചെലവ് മുൻ വൈദ്യുതി മന്ത്രി നിയമസഭയിൽ പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി ബ്രഹ്മപുരത്ത് ഉണ്ടായിട്ടുണ്ട്. ഈ കരാറിനെ സംബന്ധിച്ച് മുൻ വൈദ്യുതിമന്ത്രി നിയമസഭയിൽ പറഞ്ഞതിൽനിന്ന് വ്യത്യസ്തമായിട്ട് എന്തെങ്കിലും തീരുമാനം ഇപ്പോൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: 'യലഹങ്ക' കരാറുമായി ബന്ധപ്പെട്ടാണ് ബ്രഹ്മപുരത്തിന്റെ കരാറും ഉണ്ടായിട്ടുള്ളത്. എന്റെ അറിവനുസരിച്ച് 'യലഹങ്ക' കരാർ അനുസരിച്ച് ഒരു കരാർ പ്രാബല്യത്തിൽ വരുന്നതുവരെ ഫ്രഞ്ച് കമ്പോണൻറിന് 0.4 ശതമാനവും ഇൻഡ്യൻ കമ്പോണൻറിന് 5 ശതമാനവും പ്രൈസ് എസ്ക്കലേഷന്റെ നിബന്ധന ഉണ്ടായിരുന്നു. ഇതേ നിബന്ധനവച്ചുകൊണ്ടുതന്നെയാണ് ബ്രഹ്മപുരം പദ്ധതിക്കു വേണ്ടിയുള്ള കരാറും നമ്മൾ ഉണ്ടാക്കിയത്.

ശ്രീ. പി. രാജു: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം ശരിയല്ല: നിയമസഭയിൽ മുൻവൈദ്യുതി മന്ത്രി പറഞ്ഞത് പ്രൈസ് എസ്കലേഷൻ ബ്രഹ്മപുരം പദ്ധതിയുടെ കാര്യത്തിൽ ഉണ്ടാകുകയില്ലെന്നാണ് കർണ്ണാടകത്തിലെ 'യലഹങ്ക' കരാറിൽ പ്രൈസ് എസ്ക്കലേഷൻ ഇല്ലെന്നാണ് മുമ്പ് സൂചിപ്പിച്ചത്. ഇപ്പോൾ പറയുന്ന പ്രൈസ് എസ്ക്കലേഷൻ ഉണ്ടായിരുന്നു എന്ന്. മുൻ വൈദ്യുതിമന്ത്രി നിയമസഭയിൽ പറഞ്ഞതിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഇപ്പോഴത്തെ വൈദ്യുതി മന്ത്രി പറയുന്നത്. ഈ കാര്യത്തിൽ മുൻ വൈദ്യുതി മന്ത്രി പറഞ്ഞതിൽനിന്ന് എന്തെങ്കിലും വ്യത്യസ്തമായിട്ടുള്ള തീരുമാനം ഇപ്പോൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: 1993 ഡിസംബറിലാണ് നമ്മൾ കരാർ ഒപ്പുവച്ചത്. നമ്മളും അവരുമായിട്ടുള്ള സുദീർഘമായ ചർച്ചകൾക്കുശേഷം ആഗസ്റ്റ് മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രൈസ് എസ്ക്കലേഷൻ ഒഴിവാക്കിയിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ ആ കാലഘട്ടത്തിലെ പ്രൈസ് എസ്ക്കലേഷനാണ് ഒഴിവാക്കിയിരുന്നത്.

ശ്രീ. പി. രാജു: ബ്രഹ്മപുരം ഡീസൽ പവർ സ്റ്റേഷന്റെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സിവിൽ വർക്കുകൾക്ക് ടെൻഡർ ക്ഷണിച്ചിരുന്നു. മെക്കാനിക്കൽ-ഇലക്ട്രിക്കൽ വർക്കുകളുടെ ഇൻകംഷൻ വർക്കുകൾക്ക് ടെൻഡർ ക്ഷണിച്ചതിൽ ബി. എച്ച്. ഇ. എൽ.-ഉം ടാറ്റായുമാണ് ടെൻഡർ നൽകിയത്. അതിനു ടെക്നിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

തെർമൽ ചീഫ് എഞ്ചിനീയർ ആ രണ്ട് കമ്പനികളും സ്യൂട്ടബിൾ കമ്പനികളാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്തുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനമായ ബി. എച്ച്. ഇ. എൽ.-ന് കൊടുക്കാതെ ടാറ്റാ കമ്പനിക്ക് ബി. എച്ച്. ഇ. എൽ. കോട്ട് ചെയ്തതിനേക്കാൾ 4 കോടി രൂപ അധികരിച്ച തുകയ്ക്ക് എഗ്രിമെന്റ് ഉറപ്പിച്ചത്; സിവിൽ വർക്കുകൾക്ക് 251 ശതമാനം അധികരിച്ചാണ് എച്ച്. പി. സി.-ക്ക് ടെൻഡർ നൽകിയത് അന്ന് പറഞ്ഞത് 7 മാസക്കാലംകൊണ്ട് ഈ വർക്ക് പൂർത്തീകരിക്കണമെന്നാണ്. ഇപ്പോൾ ഒരുവർഷം കഴിഞ്ഞിരിക്കുകയാണ്. 251 ശതമാനം അധികരിച്ചത് എച്ച്. പി. സി.-യെ ഏൽപ്പിക്കുമ്പോൾ ഉണ്ടാക്കിയ കരാർ 7 മാസക്കാലംകൊണ്ട് പൂർത്തീകരിച്ചില്ലെങ്കിൽ അതിനുശേഷം വരുന്ന കാലാവധിക്ക് എച്ച്. പി. സി. കമ്പനി ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടം കൊടുക്കണമെന്നാണ്. ആ നഷ്ടം ഈടാക്കിയിട്ടുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: ഇങ്ങനെ ഒരുപാട് ചോദ്യം ചോദിച്ചാൽ മറുപടി പറയാൻ പറ്റില്ല. അതിന് പ്രത്യേക ചോദ്യം വേണം. പക്ഷേ അവിടത്തെ കോൺട്രാക്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട രാജു പറഞ്ഞത് ടാറ്റയുടേയും ബി. എച്ച്. ഇ. എൽ.-ന്റെയും ടെൻഡറുകളാണ് വന്നതെന്നാണ്. അവിടത്തെ ഒരു ടെക്നിക്കൽ കമ്മിറ്റി ഇതിനെ റീ കാളിഫൈ ചെയ്യുന്നതിനുവേണ്ടികൂടി ബി. എച്ച് ഇ. എൽ.-നെ റീ കാളിഫൈ ചെയ്തില്ല. അതെന്തുകൊണ്ടെന്നാൽ ഇതിനുവേണ്ടിയുള്ള ഡീസൽ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ബി. എച്ച്. ഇ. എൽ.-ന് ഇല്ല. എന്നുമാത്രമല്ല, ഇവിടെ നമ്മൾ പലപ്പോഴും പറഞ്ഞ ഇൻഡ്യയിലെ ആദ്യത്തെ ഡീസൽ നിലയമായ 'യലഹങ്ക' യുടെ പണി പൂർത്തീകരിച്ചത് ടാറ്റയാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ ഇൻഫ്രാസ്ട്രക്ചറും അതിന്റെ സാങ്കേതിക വൈദഗ്ദ്ധ്യവും നോക്കിയിട്ടാണ് ടാറ്റാ ഹൈദരാബാദ് ലിമിറ്റഡിന് കോൺട്രാക്ട് നൽകിയത്. അങ്ങനെ കോൺട്രാക്ട് നൽകിയതിൽ ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചതുപോലുള്ള യാതൊരു കാര്യങ്ങളും ഉണ്ടായിട്ടില്ല. ടാറ്റയാണ് അതിന് കാളിഫൈ ചെയ്തു വന്നിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: 'യലഹങ്ക' ക്ക് ഫ്രഞ്ച് സോഫ്റ്റ് ലോണാണ്. അതിന് പലിശയില്ല. ഒരു ശതമാനമേ പലിശ വരൂ. എന്നാൽ നമ്മുടെ ബ്രഹ്മപുരത്തിന് ഏത് ലോണാണ് എടുത്തിരിക്കുന്നത്. എത്രകോടി രൂപയുടെ പലിശ വരും; അതിന്റെ അടിസ്ഥാനത്തിൽ 'യലഹങ്ക' യിൽ നിന്ന് വ്യത്യസ്തമായി എത്ര കോടി രൂപ അധിക ബാദ്ധ്യത വരുമെന്ന് വെളിപ്പെടുത്താമോ?

ശ്രീ. ജി. കാർത്തികേയൻ: അതിന്റെ ഡീറ്റെയിൽസ് ഇപ്പോൾ എന്റെ കയ്യിലില്ല. ഉള്ള ഡീറ്റെയിൽസ് ഞാൻ പറയാം.

ശ്രീ. എ.സി. ഷൺമുഖദാസ്: അതിന്റെ ഡീറ്റെയിൽസ് പറഞ്ഞാൽ കള്ളി പുറത്താകും.

ശ്രീ. ജി. കാർത്തികേയൻ: അത് ഞാൻ നേരത്തെ പറഞ്ഞതാണ്.

ശ്രീ. എ.സി. ഷൺമുഖദാസ്: ഫ്രഞ്ച് സോഫ്റ്റ് ലോണാണ് 'യലഹങ്ക'യ്ക്ക് അതിന്റെ ഫലമായി എത്രകോടി രൂപ അധികമായി ചെലവ് വരുമെന്നാണ് എന്റെ ചോദ്യം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: രണ്ട് സ്ഥലത്തുവായിട്ട് എത്രകോടി രൂപ അധികം വേണമെന്നുള്ളത് നോക്കിയാലല പറയാൻ പറ്റൂ. ഫ്രാൻസിലെ 'ക്രെഡിറ്റ് ലിയോണയിസ്' എന്ന സ്ഥാപനത്തിൽ നിന്നാണ് വായ്പ യെടുത്തിട്ടുള്ളത്. ഞാൻ നേരത്തേ അത് പറഞ്ഞതാണ്. മൊത്തം ഫ്രഞ്ച് കമ്പോണന്റിന്റെ 85 ശതമാനമാണ് വായ്പയായിട്ട് ലഭിക്കുന്നത്. എന്റെ കയ്യിലുള്ള വിവരം ഞാൻ പറയാം. ബോർഡ് 15 ശതമാനം ഈ കമ്മീഷന് നേരിട്ട് നൽകണം. അതിൽ ഇൻഡ്യൻ കമ്പോണന്റിന്റെ 20 ശതമാനവും ഡൗൺ പേയ്മെന്റായിട്ട് കമ്പനിക്ക് നൽകിയിട്ടുണ്ട്. ഇത് എഗ്രിമെന്റ് കണ്ടീഷനിലുള്ളതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: അധികമായിട്ട് കൊടുക്കേണ്ട പലിശ എത്രയാണെന്നാണ് അറിയേണ്ടത്.

ശ്രീ. ജി. കാർത്തികേയൻ: 5.95 ശതമാനമാണ് പലിശ. 1997 ജനുവരി മുതലാണ് വായ്പ തിരിച്ച് അടയ്ക്കേണ്ടത്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

കൊപ്രയുടെ താങ്ങുവില പ്രഖ്യാപിക്കാൻ നടപടി

*3 [56] ശ്രീ. കൃഷ്ണൻ കണിയാംപാമ്പിൽ:
,, ഇ. പി. ജയരാജൻ:
,, തമ്പാനൂർ രവി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവില കേന്ദ്രം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) കൊപ്രയുടെ താങ്ങുവില എത്രയായി വർദ്ധിപ്പിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടത്;

(സി) കേന്ദ്രം പുതുക്കി നിശ്ചയിച്ച വിലയെത്ര; കഴിഞ്ഞവർഷം കൊപ്രയുടെ താങ്ങുവില എത്രയായിരുന്നു;

(ഡി) മറ്റുൽപ്പന്നങ്ങൾക്ക് 5% വില വർദ്ധിപ്പിച്ചപ്പോൾ കൊപ്രയുടെ താങ്ങുവില മാത്രം ഉയർത്താത്തതിന്റെ കാരണം എന്താണെന്ന് സർക്കാരിന് അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് വീണ്ടും ആവശ്യപ്പെടുമോ;

(എഫ്) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഈ സീസണിൽ കൊപ്രയ്ക്ക് താങ്ങുവില നേരത്തെ പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly